# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 267 19.06.2014 ൽ മറുപടിക്ക്

### ബൈപാസ് റോഡുകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്<br>,, വി. ശിവൻകുട്ടി<br>,, എ. പ്രദീപ്കുമാർ<br>ഡോ. കെ.ടി. ജലീൽ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) ഏതെല്ലാം ബൈപാസ് റോഡുകളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്; നിർദ്ദിഷ്ടസമയപരിധിക്കുള്ളിൽ ഇവയുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | എ) ആർ ബി ഡി സി കെ യുടെ കീഴിൽ 1, കെ എസ് ടി പി യുടെ കീഴിൽ 2, ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 13, സംസ്ഥാന പാത വിഭാഗത്തിന്റെ കീഴിൽ 10 എന്നിങ്ങനെ നിലവിൽ 26 ബൈപ്പാസുകളുടെ നിർമ്മാണം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ബൈപ്പാസുകളുടെ വിശദവിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. ഇതിൽ 8 ബൈപ്പാസുകളുടെ നിർമ്മാണം നടന്നു വരുന്നു. മറ്റു ബൈപ്പാസുകളുടെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യമുണ്ട്. ആയതിനാൽ അവയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| ബി) ഇവ ഓരോന്നിന്റെയും നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | ബി) **നിർമ്മാണം നടക്കുന്ന ബൈപ്പാസുകൾ**<br>1. കൊടുങ്ങല്ലൂർ ബൈപ്പാസ് ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br>2. കൽപ്പറ്റ ബൈപ്പാസ് നിർമ്മാണം പൂർത്തീകരിച്ചു.<br>3. പാല ബൈപ്പാസ് നിർമ്മാണം പൂർത്തീകരിച്ചു.<br>4. തിരുവല്ല ബൈപ്പാസ് ഇതിന്റെ നിർമ്മാണം 2015 ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>5. തൊടുപുഴ ബൈപ്പാസ് ഇതിന്റെ നിർമ്മാണം 2016 ൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

6. കർമ്മ ബൈപ്പാസ് ഇതിന്റെ പ്രവൃത്തികൾ 2014 ൽ തന്നെ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

7. കട്ടുത്തുരുത്തി ബൈപ്പാസ് ഇതിന്റെ ആദ്യഘട്ടം 2014 ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

8. പട്ടിത്താനം - മണർക്കാട് ബൈപ്പാസ്

12.285 കി.മീ ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ 5.285 കി.മീ ദൈർഘ്യമുള്ള **Ist phase** നിർമ്മാണം 2015ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## മറ്റ് ബൈപ്പാസുകൾ

1. തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ ദൂരം നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി എൻ.എച്ച്.എ.ഐ സ്റ്റാൻഡ് എലോൺ പ്രോജക്ടായി ഏറ്റെടുത്ത് ചെയ്യുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത ബൈപ്പാസിന്റെ ബാക്കിഭാഗം മുക്കോല മുതൽ തമിഴ് നാട് അതിർത്തി വരെയുള്ള 16.5കി മീ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.

2. ദേശീയപാതയിലെ 47 ലെ ഓച്ചിറ മുതൽ തിരുവനന്തപുരം വരെയുള്ള ഭാഗം 45 മീ വീതിയിൽ 4 വരിപാതയാക്കൽ ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. ഇതിൽ ആറ്റിങ്ങൽ ബൈപ്പാസ് ഉൾപ്പെടുന്നു എന്നാൽ പ്രസ്തുത പദ്ധതിയിൽ നിന്നും NHAI പിൻവാങ്ങിയിട്ടുള്ളതിനാൽ പ്രസ്തുത ബൈപ്പാസിന്റെ പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് ഉടൻ തന്നെ സ്വീകരിക്കുന്നതാണ്.

3. കൊല്ലം ബൈപ്പാസിൽ ദേശീയപാത 47 ലെ കാവനാട് മുതൽ മേവറം വരെയുള്ള 13കി.മീ ബൈപ്പാസിന്റെ നിർമ്മാണത്തിനായി 45മീ വീതിയിലുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ

പ്രവൃത്തിക്കായി 267.16 കോടി രൂപയുടെ ഭരണാനുമതി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. മൂന്ന് പാലങ്ങളോട് കൂടി രണ്ട് വരി പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഈ റോഡിന്റെ റീടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

4. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിനായി 255.75 കോടി രൂപയുടെ ഭരണാനുമതി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. മത്സര സ്വഭാവത്തിൽ മതിയായ പ്രാതിനിധ്യം ഉണ്ടാകാത്ത സാഹചര്യത്തിൽ ആദ്യ ടെണ്ടർ നടപടികൾ റദ്ദാക്കി റീടെണ്ടർ വിളിച്ചിട്ടുണ്ട്. റീടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

5. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത് പ്രസ്തുത ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റും, പ്രവൃത്തിയുടെ എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനു NATPAC നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

6. കോഴിക്കോട് ബൈപ്പാസിന്റെ ശേഷിക്കുന്ന 5.1 കി.മീ റോഡിന്റെ നിർമ്മാണം സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണത്തിന് 145 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. തലശ്ശേരി, മാഹി ബൈപ്പാസ് ദേശീയപാത 17 ൽ മുഴപ്പിലങ്ങാട് മുതൽ

അഴിയൂർ വരെയുള്ള 18 കി.മീ ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. ഈ പദ്ധതി സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത് . ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ **NATPAC** നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**8.** കണ്ണൂർ ബൈപ്പാസ് ദേശീയപാത **17** ൽ പാപ്പിനിശ്ശേരി മുതൽ എടയ്ക്കാട് വരെയുള്ള **20.60** കി.മീലാണ് ഈ ബൈപ്പാസ് . ഈ പദ്ധതി എൻ.എച്ച്.എ.ഐയുടെ എൻ.എച്ച്.ഡി.പിയിൽ നിർമ്മിക്കുവാൻ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ സ്ഥലമെടുപ്പ് എൻ.എച്ച്.എ.ഐ മുഖാന്തിരം നടന്നു വരുന്നു.

**9.** കോതമംഗലം - തങ്കളം - കോഴിപ്പിള്ളി ബൈപ്പാസിന് ചില സ്ഥലങ്ങളിൽ ഭൂമി വിട്ട് കിട്ടാനുണ്ട്. പ്രസ്തുത ഭൂമി വിട്ട് കിട്ടുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

**10.** തിരൂർ - പൊൻമുണ്ടം ബൈപ്പാസിന്റെ നാലാമത്തെ റീച്ചിന്റെ പ്രവൃത്തികളാണ് ഇപ്പോൾ നടക്കുന്നത് . നിർമ്മാണത്തിന്റെ ഭാഗമായുള്ള റീടെയിനിങ് വാളിന്റെ ഡിസൈൻ മാറിയതിനാൽ പുതിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ പുരോഗമിച്ചു വരുന്നു.

**11.** മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ്, ഒരേടത്ത് പാലം- മാനത്ത്മംഗലം - തൈക്കുത്ത് ബൈപ്പാസ് എന്നിവയുടെ നിർമ്മാണത്തിന് സ്ഥലം വിട്ട് കിട്ടാത്തതിനാൽ പണി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

**12.** സ്ഥലമെടുപ്പ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അയർക്കുന്നം - കുറ്റില്ലം ബൈപ്പാസിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല .

**13.** അങ്കമാലി ബൈപ്പാസിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

14 താമരശ്ശേരി,
15 സുൽത്താൻബത്തേരി,
16 മൂവാറ്റുപുഴ,
17 മണ്ണാർക്കാട് എന്നീ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി പ്രാരംഭ നടപടികൾ നടന്നുവരുന്നു .

| | | | |
|---|---|---|---|
| സി) | ഫണ്ടിന്റെ ലഭ്യത ബൈപാസ് റോഡുക ളുടെ നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടോ ; | സി) | ഇല്ല. എന്നാൽ സ്ഥലം വിട്ടുകിട്ടുന്നതിനുള്ള കാലതാമസം നിർമ്മാണത്തെ ബാധിക്കുന്നുണ്ട്. |
| ഡി) | ബൈപാസ് റോഡുകളുടെ നിർമ്മാണം വൈകുന്നതുമൂലം ഗതാഗതക്കുരുക്ക് വർദ്ധിക്കുന്നതും റോഡപകടങ്ങൾ പെരു കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ബൈപ്പാസ് റോഡുകളുടെ അഭാവംമൂലം ഗതാഗത കുരുക്ക് വർദ്ധിക്കുന്നതും തൽഫലമായി റോഡപകടങ്ങൾ പെരുകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) | ബൈപാസ് റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിത മായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ഇ) | സ്ഥലം ലഭ്യമായ ഇടങ്ങളിലെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. കൊടുങ്ങല്ലൂർ ബൈപ്പാസ് ( ദേശീയപാത)
2. കൽപ്പറ്റ ബൈപ്പാസ് (സംസ്ഥാന പാത)
3. പാല ബൈപ്പാസ് ( ദേശീയപാത)
4. തിരുവല്ല ബൈപ്പാസ് ( കെ എസ് ടി പി)
5. തൊടുപുഴ ബൈപ്പാസ് ( കെ എസ് ടി പി)
6. തിരുവനന്തപുരം ബൈപ്പാസ് ( ദേശീയപാത)
7. ആറ്റിങ്ങൽ ബൈപ്പാസ് ( " )
8. കൊല്ലം ബൈപ്പാസ് ( " )
9. ആലപ്പുഴ ബൈപ്പാസ് ( " )
10. തൃപ്പൂണിത്തുറ ബൈപ്പാസ് ( " )
11. കോഴിക്കോട് ബൈപ്പാസ് ( " )
12 തലശ്ശേരി, മാഹി ബൈപ്പാസ്( " )
13. കണ്ണൂർ ബൈപ്പാസ് ( " )
14. കോതമംഗലം - തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ് (സംസ്ഥാന പാത)
15 തിരൂർ - പൊൻമുണ്ടം ബൈപ്പാസ് (സംസ്ഥാന പാത)
16. കർമ്മ ബൈപ്പാസ് (സംസ്ഥാന പാത)
17. മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ് (സംസ്ഥാന പാത)
18. ഒരേടത്ത് പാലം- മാനത്ത്മംഗലം - തൈക്കുത്ത് ബൈപ്പാസ് (സംസ്ഥാന പാത)
19. കടുത്തുരുത്തി ബൈപ്പാസ് (സംസ്ഥാന പാത)
20. പട്ടിത്താനം - മണർക്കാട് ബൈപ്പാസ് (സംസ്ഥാന പാത)
21. അയർക്കുന്നം - ക്ലറ്റില്ലം ബൈപ്പാസ് (സംസ്ഥാന പാത)
22 അങ്കമാലി ബൈപ്പാസ് **(RBDCK)**
23. താമരശ്ശേരി ബൈപ്പാസ് ( ദേശീയപാത)
24 സുൽത്താൻബത്തേരി ബൈപ്പാസ് (സംസ്ഥാന പാത)
25. മൂവാറ്റുപുഴ ബൈപ്പാസ് ( ദേശീയപാത)
26. മണ്ണാർക്കാട് ബൈപ്പാസ് ( ദേശീയപാത)